**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3683** **09-10-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ അടയ്ക്കാ കർഷകർ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ. എ. നെല്ലിക്കുന്ന്</td><td colspan="2">ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ അടയ്ക്കാ കർഷകരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td>
<table>
<tr><td>ക്രമ നമ്പർ</td><td>ജില്ല</td><td>അടയ്ക്കാ കർഷകരുടെ എണ്ണം</td></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>2590</td></tr>
<tr><td>2</td><td>കൊല്ലം</td><td>1220</td></tr>
<tr><td>3</td><td>പത്തനംതിട്ട</td><td>1425</td></tr>
<tr><td>4</td><td>കോട്ടയം</td><td>3179</td></tr>
<tr><td>5</td><td>ആലപ്പുഴ</td><td>3162</td></tr>
<tr><td>6</td><td>എറണാകുളം</td><td>11625</td></tr>
<tr><td>7</td><td>ഇടുക്കി</td><td>437</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>35900</td></tr>
<tr><td>9</td><td>പാലക്കാട്</td><td>13861</td></tr>
<tr><td>10</td><td>മലപ്പുറം</td><td>50600</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>10295</td></tr>
<tr><td>12</td><td>കണ്ണൂർ</td><td>20196</td></tr>
<tr><td>13</td><td>കാസറഗോഡ്</td><td>42110</td></tr>
<tr><td>14</td><td>വയനാട്</td><td>17655</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഏറ്റവും കൂടുതൽ അടയ്ക്കാ കർഷകർ ഉള്ള നിയോജകമണ്ഡലം ഏതാണെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>കാസറഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ അടയ്ക്കാ കർഷകർ ഉള്ളത്.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്ത് എവിടെയാണ് ഏറ്റവും ഗുണനിലവാരമുള്ള അടയ്ക്ക ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ അടയ്ക്കയുടെ പ്രത്യേകത എന്താണെന്ന് വിശദമാക്കാമോ;</td><td>(സി)</td><td>ഏറ്റവും ഗുണനിലവാരമുള്ള അടയ്ക്ക ഉല്പാദിപ്പിക്കുന്നത് കാസറഗോഡ്, കാറഡുക്ക, മഞ്ചേശ്വരം ബ്ലോക്കുകളിലാണ്. ശരിയായ രീതിയിൽ സംസ്കരിച്ച അടയ്ക്ക ഭാരം കൂടിയതും നല്ല നിറം, ഗന്ധം എന്നിവ ഉള്ളതുമാണ്.</td></tr>
<tr><td>(ഡി)</td><td>വിദേശ രാജ്യങ്ങളിലേക്ക് സംസ്ഥാനത്തുനിന്ന് അടയ്ക്ക കയറ്റുമതി ചെയ്യാറുണ്ടോയെന്നും</td><td>(ഡി)</td><td>വിദേശ രാജ്യങ്ങളിലേക്ക് സംസ്ഥാനത്തു നിന്ന് അടയ്ക്ക കയറ്റുമതി ചെയ്യാറുണ്ട്. ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട്</td></tr>
</table>

| | | | |
|---|---|---|---|
| | എങ്കിൽ ഏതു മണ്ഡലത്തിൽ നിന്നുള്ള അടയ്ക്കയാണ് കൂടുതലായി കയറ്റുമതി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | | ആൻഡ് സ്പൈസസ് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷം 27.9 മെട്രിക് ടൺ അടക്ക 88 ലക്ഷം രൂപയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. |
| (ഇ) | കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് എന്തു പരിഹാര നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഇ) | കാസർഗോഡ് ജില്ലയിലെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതിനു ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 24/03/2025 ന ജില്ലയിലെ MLA മാരായ ശ്രീ. എൻ.എ.നെല്ലിക്കുന്ന് MLA, ശ്രീ. സി. എച്ച്. കുഞ്ഞമ്പു, MLA, ശ്രീ. ഇ. ചന്ദ്രശേഖരന്, MLA, ശ്രീ. എ. കെ. എം. അഷ്റഫ്, MLA, ഹെഡ് ഓഫ് ക്രോപ് പ്രൊട്ടക്ഷൻ ഡിവിഷൻ ICAR-CPCRI, കാർഷിക സർവകലാശാല ഗവേഷണ വിഭാഗത്തിൽ നിന്നുള്ള വിദഗ്ധർ, കാസർഗോഡ് ജില്ലാ സബ് കളക്ടർ, സ്റ്റേറ്റ് പ്രൈസസ് ബോർഡ് ചെയർമാൻ, കൃഷി വകുപ്പ് ഡയറക്ടർ, കൃഷി അഡീഷണൽ ഡയറക്ടർ (ക്രോപ് പ്രൊട്ടക്ഷൻ), കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരുടെ യോഗം വിളിക്കുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>ടി യോഗ തീരുമാന പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാർഷിക സർവകലാശാല എന്നിവയുടെ സംയോജിത പ്രവർത്തനം ഉറപ്പാക്കുന്നതിലേക്കായി ആവശ്യമായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Task Force സ.ഉ. (സാധാ.)നം.806/2025/AGRI തിരുവനന്തപുരം തീയതി 08.08.2025 ഉത്തരവ് പ്രകാരം രൂപീകരിച്ചു.<br><br>2025 മെയ് 5-ാം തീയതിയിൽ ബദിയടുക്കയിൽ കവുങ്ങ് കർഷകരുടെ സെമിനാർ സംഘടിപ്പിച്ചു. വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള കർഷകർ പങ്കെടുത്ത ഈ സെമിനാർ കാസറഗോഡ് എം. എൽ. എ. ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഉദ്ഘാടനം ചെയ്തു. കവുങ്ങ് കൃഷിയിലെ ശാസ്ത്രീയ കൃഷിരീതികൾ, മഹാളി രോഗ പ്രതിരോധ മാർഗങ്ങൾ, ഇലപ്പുള്ളി രോഗ നിയന്ത്രണം എന്നിവയെക്കുറിച്ച് വിശദമായ ചർച്ചകൾ നടന്നു. കാർബൺ ഫൈബർ പോൾ ഉപയോഗിച്ച് മഴക്കാലത്തും ബോർഡോ മിശ്രിതം സ്പ്രേ ചെയ്യാൻ കഴിയുന്ന സാങ്കേതിക വിദ്യയും പരിചയപ്പെടുത്തി.<br><br>ജനകീയാസൂത്രണത്തിന്റെ കീഴിൽ ഓർഗാനിക് വളം, ചുണ്ണാമ്പ്, കീടനാശിനികൾ എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ (440.94585 ലക്ഷം രൂപയുടെ) വിവിധ കൃഷി ഓഫീസർമാർ രൂപപ്പെടുത്തിയിട്ടുണ്ട്. ഇലപ്പുള്ളി രോഗത്തിനെതിരെ സ്പ്രേ നടത്തുന്നതിനായി ദക്ഷിണ കന്നഡ ഹോർട്ടിക്കൾച്ചർ വകുപ്പ് മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കാലാവസ്ഥാ അടിസ്ഥാനത്തിലുള്ള വിള ഇൻഷുറൻസ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭൂരിഭാഗം കർഷകരും വൈദ്യുതി നിരക്കിളവ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>2025 സെപ്റ്റംബർ 22-ന് രാവിലെ 10 മണിക്ക് പ്രൊജക്ട് ഡയറക്ടറേറ്റ് ATMA, Bill No. V/362, AT റോഡ് (ബ്ലോക്ക് ഓഫീസ് പ്രദേശം), കരന്തക്കാട്, കാസറഗോഡ് പി.ഒ. 671121 വെച്ച് ടാസ്ക് ഫോഴ്സിന്റെ യോഗം നടത്തുകയും ഫീൽഡ് വിസിറ്റ് നടത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ